I/90019/2023

ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/52896/2023-DB5 തീയതി: 05-10-2023

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-LID&EW- ശുചിത്വ- മാലിന്യ സംസ്കരണം - സാങ്കേതിക സമിതികളുടെ ചുമതലകൾ വിശദീകരിക്കുന്നതിലേക്ക് ഓൺലൈൻ മീറ്റിംഗ്- സംബന്ധിച്ച്

സൂചന:
1. സ.ഉ.(സാധാ)നം.1688/2023/LSGD dt. 19-08-2023
2. ബഹു.തദ്ദേശസ്വയംഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 07/07/2023 ന് ശുചിത്വ - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നടന്ന സാങ്കേതിക പിന്തുണാസംവിധാനം സംബന്ധിച്ച യോഗനടപടിക്രമം

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് ഖരമാലിന്യസംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിലവിലെ മാലിന്യസംസ്കരണസംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തി സാങ്കേതിക പിന്തുണ ഉറപ്പ് വരുത്തുന്നതിനും , ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സൂചന(1) ഉത്തരവ് പ്രകാരം സാങ്കേതിക സമിതികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സാങ്കേതിക സഹായ സമിതികളുടെ (DTSC , BTSC) ചുമതലകൾ സംബന്ധിച്ച് മാർഗനിർദേശം നല്കുന്നതിലേക്കായി ഒരു ഓൺലൈൻ മീറ്റിംഗ് **9/10/2023 വൈകുന്നേരം 3മണിക്ക്** ക്രമീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത മീറ്റിംഗിൽ വകുപ്പിലെ എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാരും , എക്സിക്കുട്ടീവ് എൻജിനീയർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

Meeting Link: meet.google.com/yuk-pzrm-dnz

Signed by
Sandeep K G
Date: 05-10-2023 08:39:49

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. Copy of references

**<u>തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 07/07/2023 –ന് വൈകുന്നേരം 4 മണിക്ക് ശുചിത്വ- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടന്ന സങ്കേതിക പിന്തുണ സംവിധാനം സംബന്ധിച്ച യോഗത്തിന്റെ നടപടിക്കുറിപ്പ്.</u>**

**യോഗത്തിൽ പങ്കെടുത്തവർ.**

1. Sandeep.K.G, CE, LSGD
2. Jayakumar.J.S, USTE, KSWMP
3. Dignjay Desai, PMC, KSWMP
4. Sahuji.K.G, Co.SwmExpt.PMC, KSWMP
5. Bincy.B.S, EE, KSPCB
6. A.L.Chales, CME, KSWMP
7. Saranya.V.Raj, Senior consultant, SM
8. Jagajeevan.N, Consultant, SM (campaign secretariat)
9. Anilkumar.N.V.SWM, KSWMP (campaign secretariat)
10. Satheesh.B, Senior clerk (campaign secretariat)
11. Anilkumar.R. Senior clerk. (campaign secretariat)

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മിനി MCF, MCF/ RRF, കമ്മ്യൂണിറ്റി കമ്പോസ്റ്റ്, എന്നിങ്ങനെ വ്യത്യസ്ഥ വിഭാഗങ്ങളിൽ വരുന്ന മാലിന്യ സംസ്കരണ സംവിധാങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ പ്രവർത്തനം ഉറപ്പാക്കേണ്ടതുണ്ട്. ഇതു ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായ സാങ്കേതിക പിന്തുണ സഹായം അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്. നിലവിലുള്ള MCF-ന്റെ സ്ഥലപരിമിതി, അടിസ്ഥാന സൌകര്യങ്ങളുടെ കുറവ് സുരക്ഷ ക്രമീകരണങ്ങളുടെ അഭാവം RRF-ന് ആവശ്യമായ യന്ത്രസാമഗ്രികളുടെ കുറവ്, സ്ഥലപരിമിധി, അടിസ്ഥാന സൌകര്യ കുറവ്, കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റിൽ പ്രാണി ശല്യം, ലീച്ചെറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സൌകര്യമില്ലായ്മ, സ്ഥലപരിമിധികൾ, തുടങ്ങിയ വ്യത്യസ്ഥ പ്രശ്നങ്ങൾ

പരിഹരിക്കുയും, പുതിയ സംവിധാനങ്ങൾ ഉണ്ടാകുമ്പോൾ മേൽ പ്രതിപാദിച്ച കുറവുകൾ ഉണ്ടാകാതിരിക്കുന്നതിനുമായി മികച്ച സാങ്കേതിക സഹായം ലഭ്യമാക്കാൻ കഴിയണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചർച്ചകൾക്ക് ആമുഖമായി സൂചിപ്പിച്ചു. തുടർന്നു നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങിലെ നിലവിലെ MCF/RRF —ലെ അപര്യാപ്തമായ സൗകര്യങ്ങൾ**

   തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ MCF/RRF-ലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്നും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും MCF/RRF-ലും നിറഞ്ഞു കഴിഞ്ഞിട്ടുള്ളതായും യോഗം വിലയിരുത്തി. ടി പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ MCF/RRF —ലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീക്കരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. ഇതിനായി 2023-24 വർഷത്തിൽതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. (നടപടി.- ജോയിന്റ് ഡയറക്ടർമാർ, ശുചിത്വമിഷൻ, കുടുംബശ്രീ)

2. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ MCF/RRF-ലെ പ്രവർത്തനം കാര്യക്ഷമതയില്ലാത്തത്**

   ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ MCF/RRF-ലെ പ്രവർത്തനം കാര്യക്ഷമതയില്ലായെന്ന് യോഗം വിലയിരുത്തി. ടി പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ MCF/RRF പ്രവർത്തനം ദൈനംദിനം മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ചാർജ്ജ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും, ചാർജ്ജ് ഓഫീസർ, ഹരിതകർമ്മസേന, കെയർ ടേക്കർ എന്നിവർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചു. (നടപടി.- ജോയിന്റ് ഡയറക്ടർമാർ, കില, ശുചിത്വമിഷൻ, കുടുംബശ്രീ,)

3. **സാനിറ്ററി മാലിന്യ സൗകര്യം**

സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കുന്നതിന് തീരുമാനിച്ചു.



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

(നടപടി.- ജോയിന്റ് ഡയറക്ടർമാർ)

**4. പദ്ധതികൾക്കുള്ള സാങ്കേതിക അനുമതി**

1. ശുചിത്വ-മാലിന്യവുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകൾക്കും സാങ്കേതിക അനുമതി സമയബന്ധിതമായി ഗ്രീൻ ചാനൽ സംവിധാനം വഴി നൽകേണ്ടതുണ്ട്. ഇതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കാൻ തീരുമാനിച്ചു. (നടപടി. സി.ഇ, എൽ.എസ്.ജി.ഡി)

2. ഡമ്പ് സൈറ്റ് ബയോ റമഡിയേഷൻ നടത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നടപടിക്രമങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതുണ്ട്. ആയത് KSWMP-യും, എൽ.എസ്.ജി.ഡി സി.ഇ-യും കൂടി ചർച്ച ചെയ്ത് ശുപാർശ ലഭ്യമാക്കേണ്ടതാണ്. (നടപടി. സി.ഇ, എൽ.എസ്.ജി.ഡി)

3. മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കൽ, സാങ്കേതിക അനുമതി എന്നിവ സംബന്ധിച്ച പരിശീലനം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയർ, ഓവർസിയർ എന്നിവർക്ക് നൽകുന്നതിന് തീരുമാനിച്ചു. (നടപടി. സി.ഇ, എൽ.എസ്.ജി.ഡി, കില)

4. നിലവിലുള്ള MCF/RRF കമ്മ്യൂണിറ്റി യൂണിറ്റുകളുടെ അവസ്ഥ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നേരിട്ട് പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് മികച്ച സംവിധാനം ആക്കുന്നതിനുള്ള പ്രോജക്ട് രൂപീകരിച്ച്, സാങ്കേതിക അനുമതി ലഭ്യമാക്കി നടപ്പിലാക്കണം ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഒരു മൊബൈൽ ടീം രൂപീകരിക്കണം. LSGD, MGNREGS, KSWMP എഞ്ചിനിയർമാർ, ശുചിത്വമിഷൻ കൺസൾട്ടന്റ്, ശുചിത്വമിഷന്റെ young professional എഞ്ചിനിയർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. (നടപടി സി.ഇ, എൽ.എസ്.ജി.ഡി, ശുചിത്വമിഷൻ)

5. മൊബൈൽ ടീമിന്റെ പ്രവർത്തന പരിപാടിക്ക് ജൂലൈ 13, 14, 15-ന് നടക്കുന്ന പരിശീലനത്തിൽ കർമ്മ പരിപാടി തയ്യാറാക്കൽ (നടപടി സി.ഇ, എൽ.എസ്.ജി.ഡി)

6. മാലിന്യം സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള ടെക്നിക്കൽ കമ്മറ്റി ചുവടെ പറയും പ്രകാരം രൂപീകരിച്ച് സർക്കാർ



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. (നടപടി സി.ഇ, എൽ.എസ്.ജി.ഡി)

**സംസ്ഥാന തലം**

ചെയർമാൻ.- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി

കൺവീനർ.- ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അംഗങ്ങൾ.-വിവധ വിഭാഗങ്ങളിൽ നിന്നുള്ള സങ്കേതിക വിദഗ്ദർ

1. ശുചിത്വമിഷൻ
2. KSWMP
3. ക്ലീൻ കേരള കമ്പനി
4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണ സ്ഥാപനങ്ങൾ/സ്വതന്ത്ര വിദഗ്ദർ

**ജില്ലാതലം.**

ചെയർമാൻ.- സീനിയർ എൻവയോൺമെന്റ് എഞ്ചിനിയർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൺവീനർ.- എക്സിക്യൂട്ടീവ് എഞ്ചിനിയർ തദ്ദേശ സ്വയംഭരണ വകുപ്പ്

അംഗങ്ങൾ

1. ശുചിത്വമിഷൻ ടെക്നിക്കൽ കൺസൾട്ടന്റ്
2. KSWMP എഞ്ചിനിയർ
3. LSGD എഞ്ചിനിയറുടെ പ്രതിനിധി
4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണ സ്ഥാപനങ്ങൾ/സ്വതന്ത്ര വിദഗ്ദർ/സന്നദ്ധ സാങ്കേതിക വിദഗ്ദ്ധർ
5. യുവ പ്രൊഫഷണലിസ്റ്റ് എഞ്ചിനിയർ, ശുചിത്വമിഷൻ

യോഗം വൈകുന്നേരം 6.30-ന് അവസാനിച്ചു.



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി,സാങ്കേതിക സഹായം മുതലായവ നൽകുന്നതിനായി ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1688/2023/LSGD തീയതി,തിരുവനന്തപുരം, 19-08-2023

---

പരാമർശം:- സ.ഉ.(സാധാ)നം.1068/2023/തസ്വഭവ തീയതി 20.05.2023

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി നിലവിലുള്ള പ്രോജക്ടുകൾക്ക് പുറമെ പുതിയ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കും ഡി.പി.സി.കളുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.സംസ്ഥാനത്ത് ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തി സാങ്കേതിക പിന്തുണ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ചുവടെ പറയും പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി സാങ്കേതിക സമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

**I. സംസ്ഥാനതല സാങ്കേതിക സഹായ സമിതി (STSC)**

1. ചെയർമാൻ - ചീഫ് എഞ്ചിനീയർ
2. കൺവീനർ-ഡയറക്ടർ (ഖരമാലിന്യ വിഭാഗം,ശുചിത്വ മിഷൻ)
3. കെ.എസ്.ഡബ്ല്യു.എം.പി. പ്രതിനിധി
4. ഹരിതകേരള മിഷൻ പ്രതിനിധി
5. ക്ലീൻ കേരള കമ്പനി പ്രതിനിധി
6. കുടുംബശ്രീ പ്രതിനിധി
7. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി.
8. ടൗൺ പ്ലാനിംഗ് വിംഗ് പ്രതിനിധി.
9. പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി, തദ്ദേശസ്വയംഭരണ വകുപ്പ്.
10. അക്കാഡമിക് / റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ എക്സ്റ്റേർണൽ എക്സ്പേർട്ട്

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- സംസ്ഥാനജില്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിന് സാങ്കേതിക സഹായം നൽകൽ.
- ഖരമാലിന്യ സംസ്കരണത്തിനുള്ള നൂതന സാങ്കേതിക വിദ്യകൾ തദ്ദേശ സ്വയംഭരണ



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

സ്ഥാപനത്തിന് ലഭ്യമാക്കുക.

- ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശേഖരണവും സംഭരണവും, ഗതാഗതം, സംസ്കരണം, നിർമാർജനം പോലുള്ള സാങ്കേതിക ഉപയോഗം ഉൾപ്പെടെയുള്ള സാങ്കേതിക ശിപാർശകൾ നൽകുക (including remediating Garbage Vulnerable points)
- പദ്ധതി പ്രദേശങ്ങൾ സന്ദർശനം നടത്തുകയും ആവശ്യമെങ്കിൽ അനുയോജ്യമായ സാങ്കേതിക ഉപദേശങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക (സംസ്ഥാനതല പ്രശ്നങ്ങൾ)
- 2.5 കോടി രൂപയും അതിനു മുകളിലുമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുക.
- ഡിസ്ട്രിക്ട് ടെക്നിക്കൽ സപ്പോർട്ട് കമ്മറ്റിയുടെ (DTSC) രൂപീകരണവും പ്രവർത്തനവും ഉറപ്പാക്കൽ
- ലോക്കൽ ബോഡി ടെക്നിക്കൽ സപ്പോർട്ട് കമ്മിറ്റിയുടെ (LTSC) പ്രവർത്തനത്തിന്റെ മേൽനോട്ടം
- കേരളത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി,സർക്കാർ അംഗീകാരത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക
- വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ കാലാകാലങ്ങളിൽ പരിശീലനം നൽകുക
- സാങ്കേതിക പ്രശ്നങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ,പരാതികൾ എന്നിവ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുക.

## II . <u>ജില്ലാതല സാങ്കേതിക സഹായ സമിതി (DTSC)</u>

1. <u>ചെയർമാൻ</u> - സൂപ്രണ്ടിംഗ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്)

(തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ അതാത് ജില്ലകളിലുള്ള കോർപറേഷനുകളിലെ സൂപ്രണ്ടിങ്ങ് എൻജിനീയർ.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ദക്ഷിണമേഖലാ സൂപ്രണ്ടിങ് എൻജിനീയർ.

പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ ഉത്തരമേഖലാ സൂപ്രണ്ടിങ് എൻജിനീയർ)

2. <u>കൺവീനർ</u>-ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ

<u>അംഗങ്ങൾ</u>

1. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്).
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ *
3. ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി
4. ജില്ലാ ടൗൺ പ്ലാനിംഗ് വിംഗ് പ്രതിനിധി
5. കെ.എസ്.ഡബ്ല്യൂ.എം.പി., DPMU പ്രതിനിധി.



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

6. ജില്ലാ ഹരിതകേരള മിഷൻ പ്രതിനിധി.
7. ക്ലീൻ കേരള കമ്പനി പ്രതിനിധി.
8. കുടുംബശ്രീ പ്രതിനിധി.
9. അക്കാഡമിക് / റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ രണ്ടോ മൂന്നോ എക്സ്റ്റേണൽ എക്സ്പെർട്ട്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- ജില്ലയ്ക്കുള്ളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സേവന ദാതാക്കൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയ്ക്ക് ആവശ്യമായ സഹായം നൽകുക.
- 30 ലക്ഷം രൂപ മുതൽ 2.5 കോടി രൂപ വരെയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുക. 1.25 കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതിക സഹായസമിതിയുടെ തീരുമാനപ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ സാങ്കേതികാനുമതി ലഭ്യമാക്കാവുന്നതാണ്.
- പ്രവർത്തനരഹിതമായ കമ്മ്യൂണിറ്റി, ഇൻസ്റ്റിറ്റ്യൂഷണൽ തലത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ / ഉപകരണങ്ങൾ എന്നിവയുടെ പുനരുജ്ജീവനത്തിൽ ഉചിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കുക.
- ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുക
- ഖരമാലിന്യ സംസ്കരണ ഉപകരണങ്ങൾ / ഉപാധികൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമുള്ള സാങ്കേതിക പിന്തുണ നൽകുക.
- പ്രവർത്തനങ്ങൾ സംസ്ഥാനതല കമ്മിറ്റിക്ക് നിശ്ചിത ഇടവേളകളിൽ റിപ്പോർട്ട് ചെയ്യുക.
- ജില്ലാ ആസൂത്രണ സമിതിക്ക് ജില്ലാ ശുചിത്വ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക.
- ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ജില്ലകളിലെ ക്ലസ്റ്ററുകൾക്കോ ആവശ്യമായ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പൊതുസംവിധാനങ്ങൾക്ക് രൂപം നൽകാൻ ആവശ്യമായ സാങ്കേതിക സഹായം ജില്ലാ ആസൂത്രണ സമിതി/ജില്ലാ പഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക
- നിർവഹണ വേളയിൽ ആവശ്യമായ സാങ്കേതിക സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
- സാങ്കേതിക പ്രശ്നങ്ങളിലെ തർക്കങ്ങൾ/പരാതികൾ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് നൽകുക.

* ഓരോ ജില്ലയിലെയും ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർ ജില്ലാതല കമ്മിറ്റികളിൽ അംഗങ്ങൾ ആയിരിക്കും (**അനുബന്ധം 1** കാണുക).

## III. <u>ബ്ലോക്ക് തല സാങ്കേതിക സഹായ സമിതി (BTSC)</u>



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

1. ചെയർമാൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
2. കൺവീനർ - ശുചിത്വമിഷൻ പ്രതിനിധി
3. കെ.എസ്.ഡബ്ല്യു.എം.പി. പ്രതിനിധി
4. ജില്ലാ ഹരിതകേരള മിഷൻ പ്രതിനിധി
5. ക്ലീൻ കേരള കമ്പനി പ്രതിനിധി
6. ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി.
7. ജില്ലാ ടൗൺ പ്ലാനിംഗ് വിംഗ് പ്രതിനിധി.
8. സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത്
9. അക്കാഡമിക് / റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ എക്സ്റ്റേണൽ എക്സ്പെർട്ട്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- 30 ലക്ഷം രൂപ വരെയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുക.

** മുനിസിപ്പാലിറ്റികളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ **അനുബന്ധം** 2 പ്രകാരം സമിതികളിൽ അംഗങ്ങൾ ആയിരിക്കുന്നതും സാങ്കേതിക സഹായസമിതിയുടെ തീരുമാനപ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ സാങ്കേതികാനുമതി ലഭ്യമാക്കാവുന്നതുമാണ്.

## IV. <u>തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സഹായ സമിതി (LTSC)</u>

1. കൺവീനർ - അസിസ്റ്റന്റ് എഞ്ചിനീയർ
2. സെക്രട്ടറി,ഗ്രാമ പഞ്ചായത്ത്
3. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
4. ഹെൽത്ത് വിംഗ് പ്രതിനിധികൾ
5. ഹരിതകേരള മിഷൻ സാങ്കേതിക പ്രതിനിധികൾ
6. കെ.എസ്.ഡബ്ല്യു.എം.പി. ഖരമാലിന്യ സംസ്കരണ എഞ്ചിനീയർ
7. എൻ.ആർ.ഇ.ജി.എസ്. എഞ്ചിനീയർ

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- നിലവിലുള്ള മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഓപ്പറേഷനും & മെയിന്റനൻസിനും (O&M) മതിയായ ഫണ്ട് നീക്കിവച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക
- ഖരമാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനത്തെ പിന്തുണയ്ക്കുക.
- പ്രതിവാര പുരോഗതി അവലോകനം നടത്തുകയും അത് നിശ്ചിത ഫോർമാറ്റിൽ ഡാറ്റാ ശേഖരണത്തിന് പ്രതിമാസം റിപ്പോർട്ട് ചെയ്യുകയും ജില്ലാതല സമിതിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
- ഖരമാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ജില്ലാതല സമിതിയുടെ മാർഗ്ഗനിർദ്ദേശവും വിദഗ്ധാഭിപ്രായവും തേടുന്നതിന് നടപടി സ്വീകരിക്കുക



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

- ഗ്യാപ്പ് അനാലിസിസിനും, പദ്ധതി തെരെഞ്ഞടുക്കുന്നതിനും സാങ്കേതിക പിന്തുണ നൽകുക.
- ഖരമാലിന്യ സംസ്കരണ പ്രൊജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുക.

ഇലക്ട്രിക്കൽ/മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന സാഹചര്യത്തിൽ സാങ്കേതിക സഹായ സമിതി ചെയർമാന്റെയും കൺവീനറുടെയും തീരുമാനപ്രകാരം വിഷയവിദഗ്ധരെ കൂടി അതാത് സമിതികളിൽ ഉൾപ്പെടുത്താവുന്നതാണ്.

**അനുബന്ധം 1**

| തസ്തിക | ഉൾപ്പെടുത്തിയിട്ടുള്ള ജില്ലാതല സമിതി |
|---|---|
| എക്സിക്യൂട്ടീവ് എൻജിനീയർ, തിരുവനന്തപുരം നഗരസഭ | തിരുവനന്തപുരം |
| എക്സിക്യൂട്ടീവ് എൻജിനീയർ, കൊല്ലം നഗരസഭ | കൊല്ലം |
| എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴ നഗരസഭ | ആലപ്പുഴ |
| എക്സിക്യൂട്ടീവ് എൻജിനീയർ, കോട്ടയം നഗരസഭ | കോട്ടയം |
| എക്സിക്യൂട്ടീവ് എൻജിനീയർ, ചങ്ങനാശ്ശേരി നഗരസഭ | കോട്ടയം |
| എക്സിക്യൂട്ടീവ് എൻജിനീയർ, കൊച്ചി നഗരസഭ | എറണാകുളം |
| എക്സിക്യൂട്ടീവ് എൻജിനീയർ, തൃശ്ശൂർ നഗരസഭ | തൃശ്ശൂർ |
| എക്സിക്യൂട്ടീവ് എൻജിനീയർ, പാലക്കാട് നഗരസഭ | പാലക്കാട് |
| എക്സിക്യൂട്ടീവ് എൻജിനീയർ, കോഴിക്കോട് നഗരസഭ | കോഴിക്കോട് |
| എക്സിക്യൂട്ടീവ് എൻജിനീയർ, തലശ്ശേരി നഗരസഭ | കണ്ണൂർ |

**അനുബന്ധം 2**

| നഗരസഭയുടെ പേര് | ബ്ലോക്ക് തല സമിതി |
|---|---|
| നെയ്യാറ്റിൻകര | പാറശ്ശാല |
| | |



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

| | |
|---|---|
| ആറ്റിങ്ങൽ | ചിറയിൻകീഴ് |
| വർക്കല | വർക്കല |
| പുനലൂർ | അഞ്ചൽ |
| തിരുവല്ല | പുളിക്കീഴ് |
| പത്തനംതിട്ട | കോന്നി |
| കായംകുളം | മുതുകുളം |
| പാലാ | ളാലം |
| തൊടുപുഴ | തൊടുപുഴ |
| കളമശ്ശേരി | ഇടപ്പള്ളി |
| കോതമംഗലം | കോതമംഗലം |
| അങ്കമാലി | അങ്കമാലി |
| തൃപ്പൂണിത്തുറ | മുളന്തുരുത്തി |
| മൂവാറ്റുപുഴ | മൂവാറ്റുപുഴ |
| വടക്കൻ പറവൂർ | പറവൂർ |
| പെരുമ്പാവൂർ | കൂവപ്പടി |
| ആലുവ | ആലങ്ങാട് |
| തൃക്കാക്കര | ഇടപ്പള്ളി |
| ഗുരുവായൂർ | ചാവക്കാട് |
| ചാവക്കാട് | ചാവക്കാട് |
| ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട |
| കുന്നംകുളം | ചൊവ്വന്നൂർ |
| ചാലക്കുടി | ചാലക്കുടി |
| തിരൂർ | തിരൂർ |
| മഞ്ചേരി | മലപ്പുറം |
| വടകര | വടകര |
| കാസർഗോഡ് | കാസർഗോഡ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി -2.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, എൽ.ഐ.ഡി.& ഇ.ഡബ്ല്യു., തദ്ദേശസ്വയംഭരണ വകുപ്പ്
മെമ്പർ സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM

പ്രൊജക്റ്റ് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എല്ലാ മെമ്പർമാർക്കും (തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 19-08-2023 18:23:36
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 27/09/2023 12:27 PM